LIBRARY ARCHIVES Kerala Legislative Assembly

അപൂർവ്വ വൈറസ് രോഗം

*26 [326] ശ്രീ. തോമസ് ചാഴികാടൻ :

,, റോഷി അഗസ്റ്റിൻ :

,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപൂർവ്വ വൈറസ് രോഗം ബാധിച്ച നിരവധി രോഗികളെ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരിൽ എത്രപേർ മരണമടയുകയുണ്ടായി എന്നറിയിക്കാമോ;

(സി) മാരകമായ ഈ രോഗത്തിന് ആവശ്യമായ പ്രതിരോധ മരുന്ന് ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ അപൂർവ്വ വൈറസ് രോഗത്തെക്കുറിച്ച് വിശദമായ പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) അപൂർവ്വ രോഗം ബാധിച്ച 6 രോഗികളെ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവരിൽ 4 രോഗികൾ മരണമടയുകയുണ്ടായി.

(സി) വ്യത്യസ്തമായ രോഗലക്ഷണത്തോടുകൂടിയ രോഗമായതുകൊണ്ട് ഈ രോഗത്തിനു കാരണമായ അണുക്കളെ വേർതിരിച്ചു കണ്ടെത്തുവാനുള്ള പരിശോധനകൾ നടന്നുവരുന്നു.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

*27 [327] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്ററുകൾ കാര്യക്ഷമമായാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) ഗ്രാമീണാരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി നബാർഡ് ആർ. ഐ. ഡി. എഫ്.-9 സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം തേടുന്നതിനായി 2002-03 വർഷത്തിൽ 49 കോടി രൂപയുടെ 435 പ്രൊപ്പോസലുകൾ നബാർഡിന് സമർപ്പിച്ചു പ്രാഥമിക പരിശോധനയിൽ 383 പ്രൊപ്പോസലുകളിൻമേൽ അധിക വിവരങ്ങൾ നബാർഡ് ആവശ്യപ്പെട്ടതനുസരിച്ച് തയ്യാറാക്കിവരുന്നു. 2003-04 വർഷത്തിൽ നബാർഡ് സഹായത്തിനായി സമർപ്പിക്കുന്നതിന് 69.84 കോടി രൂപയുടെ 294 പ്രൊപ്പോസലുകൾ തയ്യാറാക്കി സർക്കാരിന്റെ വിവിധ തലങ്ങളിൽ പരിശോധിച്ച് അന്തിമഘട്ടത്തിൽ എത്തിയിരിക്കുകയാണ്.

കൂടാതെ ആർ. സി. എച്ച്. പദ്ധതി പ്രകാരം 13 ജില്ലകളിൽ 10 ലക്ഷം രൂപ വീതം (പാലക്കാട് ഒഴികെ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നവീകരണത്തിനായി നൽകിയിട്ടുണ്ട്. ഇതിനും പുറമേ ഭരണ നവീകരണ പദ്ധതിക്കുള്ള ഫണ്ട് ഉപയോഗിച്ച് പത്തു ശതമാനം പ്രൈമറി ഹെൽത്ത് സെന്ററുകളിലെ (94 എണ്ണം) സേവനനിലവാരം മെച്ചപ്പെടുത്താനും കൂടുതൽ കാര്യക്ഷമമാക്കാനും സർക്കാർ ഉദ്ദേശിക്കുന്നു.

(സി) ട്രാൻസ്ഫർ മുഖേനയും പുനർവിന്യാസംവഴിയും നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

പാരമ്പര്യേതര ഊർജ്ജ നിർമ്മാണത്തിന് പദ്ധതികൾ

*28 [328] ശ്രീ. എ. എൻ. രാജൻ ബാബു :

,, ജോണി നെല്ലൂർ :

,, ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാരമ്പര്യേതര ഊർജ നിർമ്മാണത്തിനായി അനെർട്ട് നടപ്പിലാക്കി വരുന്ന ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ഇപ്പോൾ നടന്നു വരുന്ന പദ്ധതികൾ വിപുലപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly